## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5916 — 8.7.2013-ൽ മറുപടിക്ക്

### മലിനജല നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, കെ. രാജു<br>,, ഇ. കെ. വിജയൻ<br>,, ചിറ്റയം ഗോപകുമാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മുനിസിപ്പൽ കോർപ്പറേഷനുകളിൽ മലിനജല നിർമ്മാർജ്ജന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ഈ പദ്ധതിക്കായി എ.ഡി.ബി വായ്പ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) ഉണ്ട്. 2007 മുതൽ ഈ പദ്ധതിക്കായി എ.ഡി.ബി. വായ്പ അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ; ഈ പദ്ധതികൾ എവിടെയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നേക്കും; ഇതുമൂലം വായ്പ തുക നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ; | ബി) & സി) വിഭാവനം ചെയ്തിട്ടുളള എല്ലാ പദ്ധതികളും നിലവിലുളള കാലാവധിക്കുളളിൽ പൂർത്തീകരിക്കുവാൻ കഴിയുകയില്ല. മലിനജല വാഹകശൃംഖലയുടെ നിർമ്മാണത്തിൽ കാലതാമസമുണ്ടാകാനുളള പ്രധാന കാരണങ്ങൾ ഇവ ജനസാന്ദ്രതയുളള പട്ടണങ്ങളിലൂടെ റോഡുകൾ കുഴിച്ച് അതിനു നടുവിലൂടെ പൈപ്പിടുന്നതു മൂലവും, കാനയുടെ താഴ്ച 2 മുതൽ 9 മീറ്റർ വരെയാകയാൽ ഉയർന്ന ജലനിരപ്പു കാരണം വെളളം പമ്പ് ചെയ്യേണ്ടി വരും എന്നതിനാലും, മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെയുളള പൊതുജനങ്ങളുടെ എതിർപ്പുമൂലവുമാണ്. ആയതിനാൽ പദ്ധതികൾ എവിടെയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നേക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല. |
| സി) ഉണ്ടെങ്കിൽ വായ്പ തുക മുടങ്ങുന്നതുമൂലം ചെലവാക്കിയ തുക എങ്ങനെ കണ്ടെത്താനാകുമെന്ന് വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ